ആലപ്പുഴ മെഡിക്കൽ കോളേജിൽ ശിക്ഷണനടപടിയ്ക്ക് വിധേയരായവർ

1755 [2671] ശ്രീ. എ.വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 10-11-1986-വരെ ആലപ്പുഴ മെഡിക്കൽ കോളേജിൽനിന്നും എത്ര പേരുടെ പേരിൽ വിജിലൻസ് അന്വേഷണത്തിന്റെ ഫലമായി ശിക്ഷണ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ശിക്ഷണ നടപടികൾ എടുത്തശേഷം ഒരു വർഷം കഴിഞ്ഞിട്ടും ജോലിയിൽ പ്രവേശിപ്പിക്കാത്തവർ ആരെങ്കിലുമുണ്ടോ;

(സി) എങ്കിൽ ആരെല്ലാം;

(ഡി) ഒരു വർഷം കഴിഞ്ഞിട്ടും സർവ്വീസിൽ പ്രവേശിപ്പിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരാളിന്റെ പേരിൽ

(ബി) ഉണ്ട്.

(സി) രണ്ടാംഗ്രേഡ് അറൈൻറായിരുന്ന ശ്രീമതി കെ. വേണി.

(ഡി) വിജിലൻസ് അന്വേഷണം പൂർത്തിയാകാത്തതുകൊണ്ട്.

പഞ്ചായത്തുകളിലും ഓണാഘോഷം

1756 [2675] ശ്രീ. ടി.വി. വിജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അടുത്തവർഷം പഞ്ചായത്തുതലങ്ങളിൽക്കൂടി ഓണാഘോഷം വ്യാപിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

പഞ്ചായത്തുതലത്തിൽ ഓണാഘോഷം വ്യാപിപ്പിക്കാൻ ഗവൺമെൻറിന് ഉദ്ദേശമില്ല. പഞ്ചായത്തുതലത്തിൽ ഓണാഘോഷം നടത്തണമോ എന്ന കാര്യം അതാത് പഞ്ചായത്തുകളാണ് തീരുമാനിക്കേണ്ടത്.

കൊച്ചിയിലെ കെ. ടി. ഡി. സി. ഹോട്ടൽ

1757 [2676] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ കെ.ടി.ഡി.സി. ഹോട്ടൽ സ്വകാര്യ വ്യക്തികൾക്കു വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതല്ലാതെ വേറെ ഏതെല്ലാം കെ.ടി.ഡി.സി. ഹോട്ടലുകൾ സ്വകാര്യവ്യക്തികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) കൊച്ചിയിലെ ഹോട്ടൽ വിൽപ്പനക്കാര്യത്തിനായി ഏതെല്ലാം സ്ഥാപനങ്ങളാണ് ഗവൺമെൻറിനെ സമീപിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൊച്ചിയിലെ ഹോട്ടലിന്റെ സ്ഥലത്തിനായി കെ.ടി.ഡി.സി.-ക്ക് എന്തു ചെലവു വന്നിട്ടുണ്ട്;

(ഇ) എന്തു വിലയ്ക്ക് കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്;

(എഫ്) പത്രത്തിൽ പരസ്യം ചെയ്തതിനുശേഷം വിൽപ്പന നടത്തുന്നതിന് നടപടികൾ എടുക്കുമോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കെ.ടി.ഡി.സി.-യുടെ വക ഒരു ഹോട്ടലും സ്വകാര്യ വ്യക്തികൾക്കു നൽകുവാൻ തീരുമാനിച്ചിട്ടില്ല.

(സി) കൊച്ചിയിലെ മൂന്നു യുവാക്കൾ ചേർന്ന് ഒരു കമ്പനി രൂപീകരിച്ച്, ഈ ഹോട്ടൽ 25 വർഷത്തെ പാട്ടത്തിന് ഏറ്റെടുത്തു നടത്താമെന്നുള്ള ഒരു ഓഫറുമായി കെ.ടി.ഡി.സി.-യെ സമീപിക്കുകയുണ്ടായി. എന്നാൽ ഈ ഓഫർ തള്ളിക്കളയുകയാണുണ്ടായത്.

(ഡി) ഹോട്ടലിനും ഷോപ്പിംഗ് കോംപ്ലക്സിനുമുള്ള സ്ഥലത്തിനുവേണ്ടി 12 ലക്ഷം രൂപ ചെലവായി.

(ഇ, എഫ്) ചോദ്യം ഉദിക്കുന്നില്ല.

ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാർ

1758 [2677] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ ഇപ്പോൾ വിവിധ വിഭാഗങ്ങളിലായി മൊത്തം എത്ര തസ്തികകൾ ഉണ്ടെന്നും അവയിൽ ഓരോ തസ്തികകളിലും പെട്ടിട്ടുള്ള സ്ത്രീകൾ, പട്ടികജാതി-പട്ടികവർഗക്കാർ എത്രവീതമുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പട്ടികജാതിക്കാർക്കും പട്ടികവർഗക്കാർക്കും അർഹമായ പ്രാതിനിധ്യം അവിടെ ഇനിയും ലഭിച്ചിട്ടില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന്, വ്യക്തമാക്കാമോ?

ഉത്തരം

(എ) 67 തസ്തികകൾ—സ്ത്രീകളുടെയും പട്ടികജാതി-പട്ടികവർഗത്തിൽപ്പെട്ടവരുടെയും തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) അർഹമായ പ്രാതിനിധ്യം നൽകിയിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly